**കേരള സർക്കാർ**

നം. ഡിസി1/78/2018/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ ഡി.സി (വകുപ്പ്)
തിരുവനന്തപുരം, തീയതി: 31/05/2018.

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് – ആരോഗ്യ ജാഗ്രത – പകർച്ചപ്പനി പ്രതിരോധ യജ്ഞം 2018 – നഗരസഭാതലത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ - സംബന്ധിച്ച്

സൂചന: 1. 25/05/2018-ലെനം.720/ഡിസി1/18/തസ്വഭവ.നം. സർക്കുലർ.

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ 30/05/2018-ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശം.

3. ബഹു.മുഖ്യമന്ത്രിയുടെ 31/05/2018-ലെ സംസ്ഥാനതല അവലോകന യോഗത്തിലെ നിർദ്ദേശം.

******

സംസ്ഥാനത്ത് മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും പടർന്നുപിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പരാമർശം (2), (3) പ്രകാരം അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളതാണ്. സംസ്ഥാനത്തെ വിവിധ നഗരസഭാ പ്രദേശങ്ങളിൽ വിവിധയിനം പനിരോഗങ്ങളും മറ്റു പകർച്ചവ്യാധികളും മഴക്കാല രോഗങ്ങളും വർദ്ധിച്ച് വരുന്നതായും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നഗരസഭകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലായെന്നുമുള്ള വസ്തുത ബഹു. മുഖ്യമന്ത്രി ചൂണ്ടി കാണിച്ചിരിക്കുന്നു. നഗരസഭകളിലെ സെക്രട്ടറിമാർ ശുചീകരണ പ്രവർത്തനങ്ങളിൽ വേണ്ടവിധത്തിൽ മേൽനോട്ടം വഹിക്കാത്തതിനാൽ മാലിന്യ കൂമ്പാരങ്ങൾ റോഡരികിൽ കെട്ടിക്കിടക്കുകയും ഓടകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാത്തതുമൂലം കെട്ടിക്കിടക്കുന്ന ജലത്തിൽ കൊതുകുകൾ മുട്ടയിട്ട് പെരുകുകയും ചെയ്യുന്ന അപകടകരമായ സ്ഥിതിവിശേഷം നിലനില്ക്കുന്നതായി പരാതികൾ ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രോഗപ്രതിരോധപ്രവർത്തനങ്ങളിലും മാലിന്യ ശുചീകരണ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തുന്ന നഗരസഭാ സെക്രട്ടറിമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) പ്രകാരമുള്ള യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നല്കുന്നു.

1. ശുചീകരണ പ്രവർത്തനങ്ങളുടെയും മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ നഗരസഭാ സെക്രട്ടറിമാരും എല്ലാദിവസവും രാവിലെ 5 ½ മണിമുതൽ 7 ½ മണിവരെയെങ്കിലും

നഗരസഭയുടെ വിവിധ വാർഡുകളിൽ മുന്നറിയിപ്പില്ലാതെ നേരിട്ട് സന്ദർശനം നടത്തേണ്ടതും ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാണ്. ആയതിന്റെ വിശദാംശങ്ങൾ, സമയം, സന്ദർശിച്ച വാർഡുകൾ, എടുത്ത നടപടി തുടങ്ങിയവ പ്രതിദിനം നഗരകാര്യ ഡയറക്ടർക്ക് ഇ-മെയിൽ വഴി അറിയിക്കേണ്ടതാണ്.

2. പല നഗരസഭാ സെക്രട്ടറിമാരും നഗരസഭാ പരിധിയിൽ താമസിക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില നഗര സഭാ സെക്രട്ടറിമാർ വിദൂര പ്രദേശങ്ങളിൽ നിന്ന് ദിവസേന ഓഫീസിൽ വന്നു തിരിച്ചു പോകുന്നതായിട്ടാണ് സർക്കാരിന് ലഭിച്ചിരിക്കുന്ന വിവരം. അതുകൊണ്ടുതന്നെ എല്ലാ നഗരസഭാ സെക്രട്ടറിമാരും തങ്ങൾക്ക് ചുമതലയുള്ള നഗരസഭകളുടെ പരിധിക്കുള്ളിൽ തന്നെ നിർബന്ധമായും താമസിക്കേണ്ടതും ഔദ്യോഗിക വസതി ലഭ്യമല്ലായെങ്കിൽ സെക്രട്ടറിമാർക്ക് വാടകയ്ക്ക് കെട്ടിടം എടുത്ത് താമസത്തിനുള്ള ക്രമീകരണങ്ങൾ 2018 ജൂൺ 1 മുതൽ അടിയന്തിരമായി ചെയ്യേണ്ടതുമാണ്. അവരുടെ ഔദോഗിക വാസ സ്ഥലത്തെ ലാൻഡ് ലൈൻ ടെലിഫോൺ നമ്പർ അടിയന്തിരമായി നഗരകാര്യാഡറക്ടറേയും ഗവൺമെന്റിലും അറിയിക്കേണ്ടതാണ്.

3. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥന്മാർ ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും യൂണിഫോം ധരിച്ചിരിക്കേണ്ടതും ആയതിൽ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമായി രേഖപ്പെടുത്തിയ നെയിം ബാഡ്ജ് ധരിച്ചിരിക്കേണ്ടതുമാണ്. ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കാത്ത ആരോഗ്യവിഭാഗം ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

4. ശുചീകരണ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരേയും തൊഴിലാളികളേയും മറ്റിതര ആവശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കുന്നില്ലായെന്ന് നഗരസഭാ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

5. നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചന നടത്തി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

6. പകർച്ചപ്പനിയെ സംബന്ധിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും ആരോഗ്യ വകുപ്പുമായി പങ്കുവയ്ക്കേണ്ടതും തുടർ പ്രർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

7. ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിന പുരോഗതിയും വിശദാംശങ്ങളും ഐ.കെ.എം.മ്മിലേക്ക് സെക്രട്ടിമാർ ഓരോ ദിവസവും വൈകുന്നേരം വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും, ആ വിവരം ഇ-മെയിൽ വഴി , നഗരകാര്യ ഡയറക്ടർ, സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ് - നഗരം), എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം എന്നിവരെ അറിയിക്കുകയും വേണം. നഗരസഭാ സെക്രട്ടറിമാർ തങ്ങളുടെ നഗരസഭയിൽ റോഡരികിലും പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലുമുള്ള മാലിന്യ കൂമ്പാരങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങൾ കൃത്യമായി ലിസ്റ്റ് ചെയ്ത് അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. നഗരകാര്യ ഡയറക്ടറേറ്റിൽ അടുത്ത 3 മാസക്കാലം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നഗരകാര്യ ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്. അവിടെ ആവശ്യമെങ്കിൽ

ടോൾ ഫ്രീ നമ്പർ സംവിധാനം ഏർപ്പെടുത്തണം. കൂടുതൽ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിലേയ്ക്ക് കൺട്രോൾ റൂമിൽ നിന്ന് നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം

9. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന്റെ ഉത്തരവാദിത്വം നഗരകാര്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) ഡോ.ഉമ്മു സെൽമ.സി.(ചുങ്കത്ത്) ന് ആയിരിക്കും. അവർ പ്രതിദിനം, മേൽ പ്രവർത്തനങ്ങളുടെ ഒരു ഡാഷ് ബോർഡ് തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്

**സ്പെഷ്യൽ സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

നഗരകാര്യ ഡയറക്ടർ
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കുമം (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും.(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം,
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള ലിമിറ്റഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ. (എ ആന്റ് ഇ)/(ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ, കേരള മിഷൻ (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ ആന്റ് പിആർ (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി,/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:**
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി(അർബൺ)സി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്.